



മഹാത്മാഗാന്ധി

സ്വയംഭരണ ഗ്രാമങ്ങളുടെ പിതാവ്

G - 18 : NADATHARA GRAMA PANCHAYATH - WARDWISE MAP (AUG 2014)

SCALE 1:20000



നടത്തറ ഗ്രാമപഞ്ചായത്ത്

കരട് ബജറ്റ് 2025 – 26
(Draft Budget)

20 – 03 – 2025

ബജറ്റ് 2025 – 26 ആമുഖപ്രസംഗം

ശ്രീമതി ശ്രീവിദ്യ രാജേഷ്

1994 - ലെ കേരള പഞ്ചായത്ത് രാജ് നിയമം 214 വകുപ്പ് അനുസരിച്ച് എല്ലാ വർഷവും മാർച്ച് 31 - ന് മുൻപ്, അടുത്ത സാമ്പത്തികവർഷത്തേക്കുള്ള ബജറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങേണ്ടതുണ്ട്. ധനകാര്യ സ്ഥാപനത്തിന്റെ ധനകാര്യ പരിപാലനത്തിന് ആവശ്യമായ നടപടിയാണ് ബജറ്റ്. വരുന്ന ഒരു വർഷത്തേക്കുള്ള പ്രതീക്ഷിത വരവ് - ചെലവ് എന്നിവയുടെ ചുരുക്ക രൂപമാണ് ബജറ്റ്. പഞ്ചായത്തിലെ വിവിധ ധനസ്രോതസ്സുകളിൽ നിന്നും കിട്ടുന്ന വരുമാനം ചേർത്തുവച്ച് ദൈനംദിന ആവർത്തന ചെലവുകൾക്കും, വികസന പദ്ധതികൾക്കുമായി മാനദണ്ഡ പ്രകാരം തുകകൾ വകയിരുത്തി അവതരിപ്പിക്കുന്നതാണ് ബഡ്ജറ്റ് എന്നതുകൊണ്ട് ലക്ഷ്യമാക്കുന്നത്.

വികസനനേട്ടങ്ങൾ ഗ്രാമീണ അടിത്തട്ടിൽ എത്തിച്ച ജനകീയാസൂത്രണ പ്രസ്ഥാനം ആരംഭിച്ചിട്ട് 28 വർഷങ്ങൾ പൂർത്തിയായി. പഞ്ചായത്തിന്റെ വാർഷിക ബജറ്റ് കേന്ദ്ര - സംസ്ഥാന ബഡ്ജറ്റ് പോലെ എല്ലാ മേഖലയും സ്പർശിക്കുവാൻ കഴിഞ്ഞതും, ബജറ്റിൽ ജനശ്രദ്ധ കേന്ദ്രീകരിക്കപ്പെട്ടതും, ബജറ്റ് തുകയിൽ വലിയ തോതിൽ വർദ്ധനവ് വന്നതും ജനകീയാസൂത്രണ പദ്ധതിയുടെ വരവോടുകൂടിയാണ്. സമസ്ത മേഖലകൾക്കും, മുഴുവൻ ജനവിഭാഗങ്ങൾക്കും, എല്ലാ ഭൂപ്രദേശങ്ങൾക്കും അർഹമായ പരിഗണന നൽകി ജനകീയ പങ്കാളിത്തത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന വികസന പദ്ധതികൾ ഉൾക്കൊള്ളുന്ന ജനകീയാസൂത്രണ പദ്ധതിയുടെ പ്രാധാന്യവും ആവശ്യകതയും തിരിച്ചറിഞ്ഞ് നടത്തറ ഗ്രാമപഞ്ചായത്ത് തികച്ചും സുതാര്യമായ നടപടിക്രമങ്ങളിലൂടെ ജനകീയ ജനക്ഷേമ വികസന പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കി സമാനതകളില്ലാത്ത ശ്രദ്ധേയമായ നേട്ടങ്ങളാണ് വിവിധ മേഖലകളിൽ കഴിഞ്ഞ കാലങ്ങളിൽ ജനകീയാസൂത്രണ പദ്ധതിയിലൂടെ കരസ്ഥമാക്കിയത്. ജനകീയാസൂത്രണ പദ്ധതിയിൽ ഉൾക്കൊള്ളിച്ച പദ്ധതികളും സമാനമായ മറ്റ് സ്രോതസ്സുകളിലൂടെ ലഭ്യമാകുന്ന ഫണ്ടുകളും കൃത്യമായി സംയോജിപ്പിച്ച് തയ്യാറാക്കുന്ന വാർഷിക ബജറ്റ് പഞ്ചായത്തിന്റെ സമഗ്ര വികസനത്തിന് ശക്തമായ അടിത്തറയാണ് നൽകുന്നത്.

ജനകീയാസൂത്രണ പദ്ധതി പോലെ വാർഷിക ബജറ്റിലും പഞ്ചായത്തിന്റെ സമ്പദ്ഘടനയിൽ മുഖ്യപങ്കു വഹിക്കുന്ന കാർഷിക മേഖല ഉൾപ്പെടുന്ന ഉൽപാദന മേഖലയ്ക്കും, ലൈഫ് ഭവന പദ്ധതിക്കും, എല്ലാ വികസനത്തിന്റെയും അടിസ്ഥാനമായ റോഡ് ഉൾപ്പെടെയുള്ള പശ്ചാത്തല സൗകര്യങ്ങളുടെ വർദ്ധനവ് ലക്ഷ്യമാക്കിയ പശ്ചാത്തല മേഖലയ്ക്കും ആണ് എല്ലാ വർഷവും മുൻതൂക്കം നൽകുന്നത്. സമഗ്ര വികസനം ലക്ഷ്യമാക്കി മുന്നേറുന്ന പഞ്ചായത്ത് അടുത്ത സാമ്പത്തിക വർഷത്തിലും മേൽപ്പറഞ്ഞ മേഖലകളുടെ വികസനത്തിന് തന്നെയാണ് മുൻതൂക്കം നൽകുന്നത്. അതോടൊപ്പം സംസ്ഥാന സർക്കാരിന്റെ പ്രത്യേക പദ്ധതികളും നാടിന്റെ വികസനത്തിന് അത്യന്താപേക്ഷിതവുമായ മാലിന്യ നിർമ്മാർജനത്തിനും അതിദാരിദ്ര്യ നിർമ്മാർജനത്തിനും പ്രത്യേക പ്രാധാന്യം നൽകിയാണ് ഈ മേഖലകളിലെ പദ്ധതികൾ വാർഷിക ബജറ്റിലും വാർഷിക പദ്ധതിയിലും ഉൾക്കൊള്ളിച്ചിട്ടുള്ളത്. 30 - 3 - 2025ന് മുൻപായി സമ്പൂർണ്ണ മാലിന്യമുക്ത പഞ്ചായത്തായി പ്രഖ്യാപിക്കുന്നതിന് ആവശ്യമായ വിവിധ പദ്ധതികൾ ഇപ്പോൾ ദ്രുതഗതിയിലാണ് പഞ്ചായത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. 1 - 11 - 2025ന് മുൻപായി

സമ്പൂർണ്ണ അതിദാരിദ്ര്യ നിർമ്മാർജ്ജനം ലക്ഷ്യമിട്ടുള്ള പഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ ഇപ്പോൾ തന്നെ ഏതാണ്ട് ലക്ഷ്യം കൈവരിച്ചിട്ടുണ്ട്.

പഞ്ചായത്തിന്റെ സമ്പദ്ഘടനയിൽ മുഖ്യപങ്ക് വഹിക്കുന്നത് കൃഷിയും അനുബന്ധ മേഖലകളുമാണ് എന്നതിനാലും, പഞ്ചായത്തിലെ ജനങ്ങളിൽ നല്ലൊരു ഭാഗവും കൃഷി മുഖ്യ തൊഴിലായി ഏറ്റെടുത്തവരായതിനാലും, കാർഷിക മേഖലയിൽ വളരാനുള്ള വലിയ സാധ്യതകൾ ജനകീയാസൂത്രണ പദ്ധതിയിലെ വിവിധ കാർഷിക പ്രോജക്ടുകളിലൂടെ തുറക്കപ്പെട്ടതിനാലും, കാർഷികോൽപാദനം വർദ്ധിപ്പിക്കുന്നതിന് സഹായകരമായ നിരവധി പദ്ധതികളാണ് വാർഷിക പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. കാർഷികമേഖലയുടെ വളർച്ചയോടൊപ്പം മൃഗസംരക്ഷണ മേഖലയിലും വലിയ വളർച്ചയ്ക്കുള്ള സാധ്യതകൾ കാണുന്നുണ്ട്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ കൂടി പഞ്ചായത്തിന്റെ കാർഷികാഭിവൃദ്ധിക്കും മൃഗസംരക്ഷണ മേഖലയുടെ വളർച്ചയ്ക്കും കൃത്യമായി പ്രയോജനപ്പെടുത്തുന്നുണ്ട്. വൻകിട വ്യവസായങ്ങൾ അപ്രാപ്യമായ പഞ്ചായത്തിൽ കുടുംബശ്രീയുടെ സഹകരണത്തോടെ ഒട്ടേറെ ചെറുകിട സൂക്ഷ്മ സംരംഭങ്ങൾ സൃഷ്ടിക്കപ്പെടുന്നതിന് അനുയോജ്യമായ സാഹചര്യമാണ് നിലവിലുള്ളത്. കുടുംബശ്രീയുടെ കീഴിലുള്ള നിരവധി മൈക്രോ എന്റർപ്രൈസസ് യൂണിറ്റുകൾ മികച്ച രീതിയിൽ പ്രവർത്തിച്ചു വരുന്നുണ്ട്. പ്രസ്തുത സംരംഭങ്ങൾക്കും പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിനും പഞ്ചായത്ത് മതിയായ പ്രോത്സാഹനവും ധനസഹായവും നൽകിവരുന്നുണ്ട്.

പഞ്ചായത്തിന്റെ അധീനതയിലുള്ള മൂർക്കനിക്കര ഗവൺമെൻറ് യു. പി. സ്കൂളും, ആശാരിക്കാട് ഗവൺമെന്റ് യു. പി. സ്കൂളും കേന്ദ്രീകരിച്ചാണ് പഞ്ചായത്തിന്റെ വിദ്യാഭ്യാസ മേഖലയിലെ പ്രവർത്തനങ്ങൾ നടത്തിവരുന്നത്. ആധുനിക കെട്ടിടസമുച്ചയങ്ങൾ നിർമ്മിച്ചതോടു കൂടി രണ്ട് യു. പി. സ്കൂളുകളിലെയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുകയും, അതോടൊപ്പം ജനകീയാസൂത്രണ പദ്ധതിയിലൂടെ നടപ്പിലാക്കിയ വിവിധ വികസന പദ്ധതികൾ മേൽപ്പറഞ്ഞ സ്കൂളുകളിലെ അധ്യയന നിലവാരവും പഠനനിലവാരവും വലിയ തോതിൽ ഉയർത്തുകയും ചെയ്തു. മൂർക്കനിക്കര ഗവൺമെന്റ് യു. പി. സ്കൂളിൽ നിർമ്മിച്ച ഓഡിറ്റോറിയം വിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കിയ അഭിമാന പ്രോജക്ടാണ്. ആശാരിക്കാട് ഗവൺമെൻറ് യു. പി. സ്കൂളിൽ നിർമ്മിക്കുന്ന സ്കൂൾ കെട്ടിടസമുച്ചയവും, മൂർക്കനിക്കര ഗവൺമെൻറ് യു. പി. സ്കൂളിൽ നിർമ്മിക്കുന്ന മിനി സ്റ്റേഡിയവും പൂർത്തീകരിക്കുന്നതോടെ മേൽപ്പറഞ്ഞ രണ്ട് സ്കൂളുകളും വികസനത്തിന്റെ പാരമ്യത്തിൽ എത്തുന്നതാണ്. കളി സ്ഥലങ്ങളുടെ പരിമിതികൾ ഉണ്ടെങ്കിലും കായികരംഗത്ത് വലിയ നേട്ടങ്ങൾ കരസ്ഥമാക്കിയ പഞ്ചായത്ത് ആണ് നടത്തറ ഗ്രാമപഞ്ചായത്ത്. കേരളോത്സവത്തിൽ ഒല്ലൂക്കര ബ്ലോക്കിൽ കഴിഞ്ഞ മൂന്നുവർഷവും, സമീപ പഞ്ചായത്തുകളെ ബഹുദൂരം പിന്തള്ളി ഓവർഓൾ കിരീടം നേടിയത് ഇതിന്റെ തെളിവാണ്. കലാകായിക താരങ്ങൾക്ക് എന്നും വലിയ പ്രോത്സാഹനവും പിന്തുണയും നൽകിവരുന്ന പഞ്ചായത്ത് എല്ലാ വർഷവും അവധിക്കാലത്ത് കുട്ടികൾക്കായി ഫുട്ബോൾ കോച്ചിംഗ് ക്യാമ്പ് നടത്തിവരുന്നു.

'എല്ലാവർക്കും ശുദ്ധജലം' എന്ന പ്രഖ്യാപിത ലക്ഷ്യത്തിലേക്കുള്ള ജൽജീവൻ മിഷന്റെ പ്രവർത്തനങ്ങൾ ഊർജ്ജിതമായി പഞ്ചായത്തിൽ നടന്നുവരുന്നുണ്ട്. ആരോഗ്യമുള്ള ജനതയാണ് നാടിന്റെ സമ്പത്ത് എന്ന സന്ദേശം ഉൾക്കൊണ്ടുകൊണ്ടുള്ള പദ്ധതികളാണ് ആരോഗ്യ മേഖലയിൽ നടത്തറ കുടുംബാരോഗ്യകേന്ദ്രവും, ആയുർവേദ - ഹോമിയോ ഡിസ്പെൻസറികളും മുഖേന നടപ്പിലാക്കുന്നത്. കാൻസർ പോലുള്ള മാരകരോഗങ്ങൾ മൂലം അവശത അനുഭവിക്കുന്ന

രോഗികൾക്ക് സാന്ത്വനചികിത്സ നൽകുന്നതിനോടൊപ്പം, ഡയാലിസിസിന് വിധേയരാകുന്ന രോഗികൾക്കും ചികിത്സാസഹായം നൽകിവരുന്നുണ്ട്. മാലിന്യനിർമ്മാർജനത്തിൽ വലിയ പുരോഗതിയാണ് ഈ വർഷം പഞ്ചായത്ത് കൈവരിച്ചിട്ടുള്ളത്. ഹരിതകർമ്മസേനയുടെ പ്രവർത്തനം തൃപ്തികരമാണെങ്കിലും ഒരു വിഭാഗം ജനങ്ങൾ യൂസർ ഫീ നൽകാതെ മാറി നിൽക്കുന്നതും, അജൈവമാലിന്യങ്ങൾ ഹരിതകർമ്മസേനയ്ക്ക് നൽകാതെ വൃത്തിയാക്കിയ പൊതുഇടങ്ങളിലേക്ക് വലിയ തോതിൽ വലിച്ചെറിയുന്നതും പഞ്ചായത്തിനോടും ജനങ്ങളോടുമുള്ള വെല്ലുവിളിയാണ്. മാലിന്യ നിർമ്മാർജനവുമായി ബന്ധപ്പെട്ട് പഞ്ചായത്തിൽ മൂന്ന് MCF-കളും, 10 മിനി MCF-കളും പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിലെ പ്രധാന കേന്ദ്രങ്ങളിൽ ബിന്നുകളും, ബോട്ടിൽ ബൂത്തുകളും സ്ഥാപിച്ചു വരുന്നു.

സംസ്ഥാന സർക്കാരിന്റെ പ്രധാനലക്ഷ്യങ്ങളിൽ ഒന്നായ ലൈഫ് മിഷൻ ഭവന പദ്ധതി പഞ്ചായത്തിൽ വളരെ വേഗത്തിൽ പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. ലൈഫ് മിഷൻ ഭവന പദ്ധതിയിലൂടെ ഭവനരഹിതരായ നൂറിലധികം ഗുണഭോക്താക്കൾക്ക് വാസയോഗ്യമായ വീട് ലഭ്യമാക്കുകയും, ജനകീയാസൂത്രണ പദ്ധതിയിലൂടെ വീട് വാസയോഗ്യമാക്കാൻ എന്ന പദ്ധതി പ്രകാരം വാസയോഗ്യമല്ലാത്ത നൂറിലധികം വീടുകൾ വാസയോഗ്യമാക്കുകയും ഈ ഭരണസമിതിയുടെ കാലഘട്ടത്തിൽ ചെയ്തു. സമൂഹത്തിൽ വലിയ തോതിൽ വെല്ലുവിളികൾ നേരിടുന്ന ഭിന്നശേഷിക്കാരുടെ ഉന്നമനത്തിന് നിരവധി പദ്ധതികളാണ് ഈ ഭരണസമിതിയുടെ കാലഘട്ടത്തിൽ പൂർത്തീകരിച്ചത്. ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കായി ഈ ഭരണസമിതിയുടെ കാലഘട്ടത്തിൽ ആരംഭിച്ച 'സ്പർശം ബഡ്സ് സ്കൂൾ' ഇന്ന് എല്ലാവിധ സൗകര്യങ്ങളോടും കൂടി തൃപ്തികരമായ നിലയിലാണ് മുന്നോട്ട് പോയിക്കൊണ്ടിരിക്കുന്നത്. പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന ഓർമ്മക്കൂട് ശ്മശാനത്തിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തിയും പുതിയ ജനറേറ്റർ സ്ഥാപിച്ചും ശ്മശാനം ആധുനികവൽക്കരിച്ചു.

നാളത്തെ പൗരന്മാരായ ഇന്നത്തെ കുട്ടികളുടെ ശാരീരിക മാനസിക വളർച്ചയ്ക്ക് സഹായകരമായ പദ്ധതികളാണ് അംഗൻവാടികൾ കേന്ദ്രീകരിച്ച് നടപ്പിലാക്കിയിട്ടുള്ളത്. സ്വന്തമായി കെട്ടിടമില്ലാത്ത ഏക അംഗൻവാടിയായ കൂട്ടാല അംഗൻവാടിക്ക് ബഹു. റവന്യൂ - ഭവന നിർമ്മാണ വകുപ്പ് മന്ത്രിയും നമ്മുടെ പ്രിയങ്കരനായ എം. എൽ. എ.യുമായ അഡ്വ : കെ രാജന്റെ ആസ്തി വികസനഫണ്ടിൽ നിന്നും 25 ലക്ഷം രൂപ വിനിയോഗിച്ചുകൊണ്ടുള്ള ആധുനിക കെട്ടിടം പൂർണ്ണതയിലേക്ക് എത്തിനിൽക്കുന്നു. ഇതിനു പുറമെ പോലൂക്കര അംഗൻവാടിക്കും ആധുനിക സൗകര്യങ്ങളോടു കൂടിയ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 30 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. അതിന്റെ പൂർത്തീകരണത്തോടെ അംഗൻവാടികൾക്ക് സമ്പൂർണ്ണമായ കെട്ടിടങ്ങൾ ഉറപ്പാക്കിയ പഞ്ചായത്തായി നാം മാറുകയാണ്.

ഈ ഭരണസമിതിയുടെ കാലഘട്ടത്തിൽ ഊർജ്ജമേഖലയിൽ പഞ്ചായത്തിലെ സ്ട്രീറ്റ് മെയിൻ ഇല്ലാത്ത നിരവധി പ്രദേശങ്ങളിൽ ബ്ലോക്ക് പഞ്ചായത്തിന്റെ സഹകരണത്തോടെ സ്ട്രീറ്റ് മെയിൻ നീട്ടി വഴിവിളക്കുകൾ സ്ഥാപിച്ച് പ്രകാശപൂരിതമാക്കി. ഇതിനു പുറമെ പഞ്ചായത്തിലെ പ്രധാന റോഡുകളിൽ, കൂടുതൽ പ്രകാശം ലഭിക്കുന്ന എൽ.ഇ.ഡി. ലൈറ്റുകൾ സ്ഥാപിച്ചു. ബഹു. റവന്യൂ - ഭവനനിർമ്മാണ വകുപ്പ് മന്ത്രിയും എം. എൽ. എ.-യും ആയ അഡ്വ : കെ രാജന്റെ ആസ്തി വികസന ഫണ്ടിൽ നിന്നും അമ്പതിലധികം ഹൈമാസ്റ്റ് / മിനിമാസ്റ്റ് ലൈറ്റുകളാണ് ഈ ഭരണസമിതിയുടെ കാലഘട്ടത്തിൽ പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ സ്ഥാപിച്ചത്.

പഞ്ചായത്തിന്റെ അഭിമാനമായ, ആധുനിക രീതിയിലുള്ള കമ്മ്യൂണിറ്റി ഹാളിന്റെ പ്രവർത്തനം അവസാനഘട്ടത്തിലെത്തി നിൽക്കുകയാണ്. എയർ കണ്ടീഷനിങ്ങ്, ലിഫ്റ്റ്, വാഹന പാർക്കിംഗ് മുതലായ ആധുനിക സൗകര്യങ്ങൾ പുതിയ കമ്മ്യൂണിറ്റി ഹാളിൽ ഒരുങ്ങി വരുന്നു. പഞ്ചായത്തിലെ ജനങ്ങൾക്ക് കുറഞ്ഞ ചെലവിൽ ശുദ്ധമായ ദാഹജലം ലഭ്യമാക്കുന്നതിനായുള്ള ആധുനിക രീതിയിലുള്ള വാട്ടർ കിയോസ്ക് / വാട്ടർ എ.ടി.എം. ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്തിന്റെ സഹകരണത്തോടെ മൂർക്കനിക്കര ഗവൺമെൻറ് യു. പി. സ്കൂളിനോട് ചേർന്ന് സ്ഥാപിച്ചു. സമ്പൂർണ്ണ ശുചിത്വത്തിന്റെ ഭാഗമായി മൂർക്കനിക്കര ഗവൺമെൻറ് യു. പി. സ്കൂളിനോട് ചേർന്ന് ടേക്ക് - എ - ബ്രേക്ക് നിർമ്മിച്ചു.

ഈ ഭരണസമിതി അധികാരത്തിൽ എത്തിയശേഷം റോഡ് വികസനത്തിന് പ്രത്യേക ശ്രദ്ധയാണ് നൽകിയത്. ഒരു നാടിന്റെ വികസനം ആ നാട്ടിലെ റോഡ് നെറ്റ്വർക്കുകളാണെന്ന തിരിച്ചറിവിൽ ജനകീയാസൂത്രണ പദ്ധതിയിലൂടെ ഗതാഗതയോഗ്യമല്ലാത്ത നിരവധി റോഡുകൾ ടാറിങ് ചെയ്തും, കോൺക്രീറ്റിംഗ് ചെയ്തും, ടൈൽ വിരിച്ചും വാഹനഗതാഗതയോഗ്യമാക്കി. അതോടൊപ്പം കാലവർഷക്കെടുതിയിലും കാലപ്പഴക്കത്താലും തകർന്ന നിരവധി റോഡുകൾ റീടാറിങ് ചെയ്ത് പുനരുദ്ധരിക്കുകയും, പല റോഡുകളുടെയും വശങ്ങളിൽ പുതിയ കോൺക്രീറ്റ് കാനകൾ നിർമ്മിക്കുകയും ചെയ്ത്, റോഡുകളുടെ സുരക്ഷ ഉറപ്പുവരുത്തുകയും ചെയ്തു. പഞ്ചായത്ത് നേരിട്ട് നടത്തിയ റോഡ് വികസന പ്രവർത്തനങ്ങൾക്ക് പുറമേ ബഹു. റവന്യൂ വകുപ്പ് മന്ത്രിയും എം. എൽ. എ.യുമായ അഡ്വ : കെ. രാജന്റെ ആസ്തിവികസന ഫണ്ടിൽ നിന്നും തുക ലഭ്യമാക്കി നിരവധി റോഡുകൾ പഞ്ചായത്തിൽ നിർമ്മിച്ചിട്ടുണ്ട്. പഞ്ചായത്തിലെ പ്രധാന റോഡുകളായ പൂച്ചട്ടി - കൊഴുക്കുള്ളി - മുളയം റോഡും, പൂച്ചട്ടി - ഇരവിമംഗലം റോഡും BMBC നിലവാരത്തിൽ പുനരുദ്ധരിച്ച് ആധുനിക റോഡാക്കി മാറ്റിയതും, അടുത്ത് ആരംഭിക്കുന്ന നടത്തറ - മൂർക്കനിക്കര - കണ്ണാറ റോഡ് BMBC നിലവാരത്തിൽ പുനരുദ്ധരിക്കുന്ന പ്രവർത്തിയും വികസനരംഗത്ത് പഞ്ചായത്ത് ഭരണസമിതിയുടെ ശക്തമായ ഇടപെടലുകളുടെ തെളിവാണ്. ലോക്കൽ റോഡ് റീബിൽഡ് പ്രോജക്ട് വഴി പഞ്ചായത്തിലെ ഗതാഗതയോഗ്യമല്ലാത്ത പല റോഡുകളും ഗതാഗത യോഗ്യമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

85 ലക്ഷം രൂപ വകയിരുത്തിയ മണലിപ്പുഴ സംരക്ഷണ പ്രവർത്തിയും, പണ്ടാരച്ചിറ നിർമ്മാണ പ്രവർത്തിയും ജലസേചന വകുപ്പ് മുഖേന പൂർത്തിയായത് ഈ ഭരണസമിതിയുടെ ശക്തമായ ഇടപെടലുകളുടെ തെളിവാണ്. വിവിധ വിഷയമേഖലകളിൽ ഇടപെട്ട് സമസ്ത ജനവിഭാഗങ്ങളുടേയും ക്ഷേമപ്രവർത്തനങ്ങൾ ഉറപ്പു വരുത്തുന്നതിനായി തയ്യാറാക്കിയ പഞ്ചായത്തിന്റെ വാർഷിക പദ്ധതിയും ബജറ്റും നടത്തറ ഗ്രാമപഞ്ചായത്തിന്റെ വികസന കുതിപ്പിന്റെ അടയാളമാണ്.

നടത്തറ ഗ്രാമപഞ്ചായത്തിലെ ജനങ്ങളുടെ സമഗ്ര പുരോഗതിക്കും ക്ഷേമത്തിനുമായി, രാഷ്ട്രീയ വ്യത്യാസം മറന്ന് ഒരുമിച്ച് പ്രവർത്തിക്കുന്ന ഭരണസമിതി അംഗങ്ങളെയും ജീവനക്കാരെയും നിർവഹണ ഉദ്യോഗസ്ഥരെയും അഭിനന്ദിച്ചുകൊണ്ട് 2025-26 വർഷത്തെ ബജറ്റ് അവതരിപ്പിക്കുന്നതിന് വൈസ് പ്രസിഡണ്ടും ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി അധ്യക്ഷനും കൂടിയായ ശ്രീ. പി. ആർ. രജിത്തിനെ സ്വാഗതം ചെയ്യുന്നു.

ബജറ്റ് 2025 – 26 അവതരണം

അഡ്വ. പി. ആർ. രജിത്ത്

കേരള സംസ്ഥാനത്ത് വികസനത്തിൽ മുഖ്യപങ്കു വഹിച്ച ജനകീയാസൂത്രണ പദ്ധതി ആരംഭിച്ച് 28 വർഷം പൂർത്തിയായ സാഹചര്യത്തിൽ നടത്തറ ഗ്രാമപഞ്ചായത്തിൽ ഇന്ന് കാണുന്ന വികസനത്തിൽ മുഖ്യപങ്കു വഹിച്ചത് വർഷംതോറും ക്രിയാത്മകമായ പ്രവർത്തനത്തിലൂടെ സുതാര്യമായി നടപ്പിലാക്കിയ ജനകീയാസൂത്രണ പദ്ധതിയിലെ വികസന പ്രോജക്ടുകൾ ആണ്. സംസ്ഥാന ബജറ്റിന്റെ മൂന്നിലൊരു ഭാഗം തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ് നൽകിക്കൊണ്ടിരിക്കുന്നത്. അപ്രകാരം പഞ്ചായത്തിന് ലഭിക്കുന്ന പൊതുവിഭാഗം വികസനഫണ്ടും, പ്രത്യേക ഘടക പദ്ധതി ഫണ്ടും, പട്ടികവർഗ്ഗ ഉപപദ്ധതി ഫണ്ടും, കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റും, മെയിന്റനൻസ് ഗ്രാന്റും, ഹെൽത്ത് ഗ്രാന്റും അതോടൊപ്പം ജില്ലാ - ബ്ലോക്ക് പഞ്ചായത്ത് വിഹിതവും, സംസ്ഥാനാവിഷ്കൃത വിഹിതവും, എസ്. ബി. എം. ഉൾപ്പെടെയുള്ള കേന്ദ്രവിഹിതവും, ഒപ്പം പഞ്ചായത്തിന്റെ തനതു വരുമാനമായ തനതുഫണ്ടും കാര്യക്ഷമമായ രീതിയിൽ തന്നെ വിനിയോഗിച്ചാണ് ഓരോ വർഷത്തെയും വാർഷിക പദ്ധതി പൂർത്തീകരിക്കുന്നത്.

പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ലൈഫ് ഭവന പദ്ധതിക്കും, ഉൽപാദന മേഖലയ്ക്കും, റോഡ് വികസനം ഉൾപ്പെടെയുള്ള പശ്ചാത്തല മേഖലയ്ക്കുമാണ് ഈ ഭരണസമിതിയുടെ മുൻതൂക്കം നൽകിയത്. എന്നാൽ കഴിഞ്ഞ രണ്ടുവർഷമായി മേൽപ്പറഞ്ഞ മേഖലയ്ക്ക് പുറമേ മാലിന്യ നിർമ്മാർജ്ജനത്തി നും, അതിദാരിദ്ര്യ നിർമ്മാർജ്ജനത്തിനും കൂടി പ്രത്യേക പ്രാധാന്യം ജനകീയാസൂത്രണ പദ്ധതിയിൽ നൽകി. പഞ്ചായത്തിന്റെ സമ്പദ്ഘടനയിൽ മുഖ്യപങ്കു വഹിക്കുന്ന കാർഷിക മേഖലയ്ക്കാണ് ഉൽപാദന മേഖലയിൽ മുൻതൂക്കം നൽകപ്പെട്ടിരുന്നതെങ്കിലും മൃഗസംരക്ഷണ മേഖലയ്ക്കും, ചെറുകിട വ്യവസായ മേഖലയ്ക്കും പ്രാധാന്യം നൽകി തന്നെയാണ് ഓരോ വർഷത്തെയും ജനകീയാസൂത്രണ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിരുന്നത്. പഞ്ചായത്തിലെ ജനങ്ങളിൽ നല്ലൊരു ഭാഗവും കർഷകരും കർഷകത്തൊഴിലാളികളും ആണ് എന്നതിനെ അടിസ്ഥാനമാക്കി മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലും കാർഷിക മേഖലയ്ക്ക് ശ്രദ്ധേയമായ പ്രാധാന്യം നൽകിക്കൊണ്ടുള്ള പ്രവർത്തികൾ പഞ്ചായത്ത് ധാരാളം ഏറ്റെടുത്തു നടപ്പിലാക്കി. ചെറുകിട വ്യവസായ മേഖലയിൽ കുടുംബശ്രീയുമായി ബന്ധപ്പെട്ട സംരംഭങ്ങൾക്ക് മുൻതൂക്കം നൽകി. ഇത് സംസ്ഥാനത്തെ തന്നെ ഏറ്റവും മികച്ച കുടുംബശ്രീ സി.ഡി.എസ്. എന്ന സമാനതകളില്ലാത്ത നേട്ടം പലതവണ കരസ്ഥമാക്കിയ നടത്തറ സി.ഡി.എസി-ന്റെ നേതൃത്വത്തിൽ പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിൽ ആരംഭിച്ച മൈക്രോ എന്റർപ്രൈസസ് ഗ്രൂപ്പുകൾ ഗാർഹിസോൽപ്പന്നങ്ങളുടെ നിർമ്മാണത്തിലും, ജോയിൻറ് ലയബലിറ്റി ഗ്രൂപ്പുകൾ പച്ചക്കറി ഉൾപ്പെടെയുള്ള കാർഷികോൽപാദനത്തിലും ശ്രദ്ധേയമായ പുരോഗതിയാണ് ഓരോ വർഷവും കൈവരിക്കുന്നത്. പഞ്ചായത്ത് ഭരണസമിതി വലിയ തോതിൽ സർക്കാരിൽ സമ്മർദ്ദം ചെലുത്തിയതിനെ തുടർന്ന് പഞ്ചായത്തിന് അനുവദിച്ച മണലിപ്പുഴയിലെ പണ്ടാരച്ചിറയുടെ നിർമ്മാണവും, പ്രളയത്തിൽ തകർന്ന മണലിപ്പുഴയുടെ നവീകരണവും അവസാന ഘട്ടത്തിൽ എത്തിനിൽക്കുമ്പോൾ കൈനൂർചിറ നവീകരണം ഈ ഭരണസമിതിയുടെ കാലഘട്ടത്തിൽ തന്നെ പൂർത്തീകരിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.

വിദ്യാഭ്യാസ സാംസ്കാരിക മേഖലയിൽ വലിയ നേട്ടങ്ങളാണ് ഈ ഭരണസമിതിയുടെ കാലഘട്ട ത്തിൽ പഞ്ചായത്ത് കൈവരിച്ചിട്ടുള്ളത്. പഞ്ചായത്തിന്റെ അധീനതയിലുള്ള മൂർക്കനിക്കര ഗവൺമെൻറ് യു. പി. സ്കൂളിന്റെയും, ആശാരിക്കാട് ഗവൺമെൻറ് യു. പി. സ്കൂളിന്റെയും മുഖച്ഛായ തന്നെ മാറിയതോടെ പൊതുവിദ്യാഭ്യാസരംഗം നാളിതുവരെ കാണാത്ത പുതിയൊരു തലത്തിലേക്ക് ഉയർന്നു. ജീർണ്ണാവസ്ഥയിലായിരുന്ന ക്ലാസ്മുറികൾ എല്ലാം മാറി, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ ആധുനിക രീതിയിലുള്ള കെട്ടിടങ്ങൾ സ്കൂൾ അങ്കണത്തിൽ ഉയർന്നു. ഇതോടൊപ്പം ജനകീയാസൂത്രണ പദ്ധതിയിലൂടെ മൂർക്കനിക്കര ഗവൺമെൻറ് യു. പി. സ്കൂളിന് മുമ്പിൽ നിർമ്മിച്ച ഓഡിറ്റോറിയത്തിന്റെ ഒന്നും രണ്ടും ഘട്ടങ്ങൾ പൂർത്തിയായി. ഇതിനു പുറമേ അധ്യയന നിലവാരവും വിദ്യാഭ്യാസ നിലവാരവും ഉയർത്തുന്നതിനായി നടപ്പിലാക്കിയ വിവിധ പശ്ചാത്തലസൗകര്യ വികസന പദ്ധതികൾ രണ്ട് സ്കൂളുകളെയും സംസ്ഥാനത്തെ തന്നെ ഏറ്റവും മികച്ച യു. പി. സ്കൂളുകളുടെ നിലവാരത്തിലേക്ക് എത്തിച്ചു. അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പൂർവ്വവിദ്യാർത്ഥികളുടെ സ്പോൺസർഷിപ്പിൽ മൂർക്കനിക്കര ഗവൺമെന്റ് യു. പി. സ്കൂളിൽ നിർമ്മിച്ച കിച്ചൻ കോംപ്ലക്സ് സ്കൂളിന്റെ വികസനത്തിൽ പ്രാദേശിക ജനതയുടെ താൽപര്യം തെളിയിക്കുന്നു. ബഹു റവന്യൂ - ഭവനനിർമ്മാണ വകുപ്പ് മന്ത്രിയും നമ്മുടെ പ്രിയങ്കരനായ എം.എൽ.എ.യും ആയ അഡ്വ : കെ രാജന്റെ ആസ്തി വികസന ഫണ്ടിൽ നിന്നും ഒരു കോടി രൂപ വകയിരുത്തി ആശാരിക്കാട് ഗവൺമെന്റ് യു. പി. സ്കൂളിൽ നിർമ്മിക്കുന്ന പുതിയ ക്ലാസ് റൂം ബ്ലോക്കിന്റെയും, എം.എൽ.എ. ഫണ്ടിൽനിന്നും കായിക വികസന വകുപ്പിൽ നിന്നുമായി ഒരു കോടി രൂപ വകയിരുത്തി മൂർക്കനിക്കര ഗവൺമെന്റ് യു. പി. സ്കൂളിൽ നിർമ്മിക്കുന്ന മിനി സ്റ്റേഡിയവും ഈ ഭരണസമിതിയുടെ കാലഘട്ടത്തിൽ തന്നെ പൂർത്തിയാകു ന്നതോടെ പഞ്ചായത്തിന്റെ മുഖച്ഛായ തന്നെ മാറുന്നതാണ്.

കലാകായിക മത്സരങ്ങൾക്കും കലാകായിക പ്രതിഭകൾക്കും മികച്ച പ്രോത്സാഹനവും പിന്തുണയും ഈ ഭരണസമിതി നൽകിവരുന്നു. കഴിഞ്ഞ മൂന്നുവർഷവും ബ്ലോക്ക്തല കേരളോത്സവത്തിൽ സമീപ പഞ്ചായത്തുകളെ ബഹുദൂരം പിന്നിലാക്കി നടത്തറ ഗ്രാമപഞ്ചായത്ത് ഓവറോൾ ട്രോഫി സ്വന്തമാക്കിയത് കലാകായിക മേഖലയ്ക്ക് പഞ്ചായത്ത് നൽകിവരുന്ന കലവറയില്ലാത്ത പിന്തുണയുടെയും പ്രോത്സാഹനത്തിന്റെയും തെളിവാണ്. പഞ്ചായത്തിന്റെ അഭിമാനമായ നടത്തറയിലെ കമ്മ്യൂണിറ്റിഹാളിന്റെ നിർമ്മാണം അവസാനഘട്ടത്തിൽ എത്തി നിൽക്കുകയാണ്. പഞ്ചായത്തിന്റെ നേതൃത്വത്തിൽ വർഷംതോറും നടത്തിവരാറുള്ള "നാട്ടുത്സവം" വലിയ ജനപങ്കാളിത്തത്തോടും ആവേശത്തോടും കൂടിയാണ് പൂർത്തിയാകാറുള്ളത്.

ആരോഗ്യമേഖലയിലെ പ്രധാന പ്രവർത്തനങ്ങൾ എല്ലാം മൂർക്കനിക്കരയിലെ കുടുംബാരോഗ്യ കേന്ദ്രവുമായി ബന്ധപ്പെട്ടാണ് നടന്നുവരുന്നതെങ്കിലും പഞ്ചായത്തിന്റെ അധീനതയിലുള്ള ആയുർവേദ ഡിസ്പെൻസറിയും ഹോമിയോ ഡിസ്പെൻസറിയും പഞ്ചായത്തിലെ ജനങ്ങളുടെ ആരോഗ്യ ചികിത്സാരംഗത്ത് ശ്രദ്ധേയമായ സംഭാവനകളാണ് കഴിഞ്ഞകാലങ്ങളിൽ നൽകിയിട്ടുള്ളത്. പഞ്ചായത്തിലെ ജനങ്ങളിൽ ഏറ്റവും അവശത അനുഭവിക്കുന്ന പാലിയേറ്റീവ് രോഗികൾക്ക് മെച്ചപ്പെട്ട ചികിത്സയും സാന്ത്വനവും സാന്ത്വനപരിചരണം എന്ന പ്രോജക്ടിലൂടെ നൽകിവരുന്നു. ജില്ലാ പഞ്ചായത്തിന്റെ സഹായത്തോടെ മുളയം സബ് സെന്ററിന്റെ നവീകരണം അടുത്തകാലത്ത് പൂർത്തിയായി.

മണലിപുഴയും നിരവധി തോടുകളും കുളങ്ങളും കൊണ്ട് ജലസമ്പന്നമായ നടത്തറ ഗ്രാമപഞ്ചായത്തിലെ കുടിവെള്ള വിതരണം, ക്രിയാത്മകമായ പ്രവർത്തനങ്ങളിലൂടെ സംസ്ഥാനത്തെ തന്നെ, ഏറ്റവും മികച്ച ജലനിധിയായ നടത്തറ പഞ്ചായത്ത് ശുദ്ധജല വിതരണ സമിതിയും കേരള വാട്ടർ അതോറിറ്റിയും ആണ് നടത്തുന്നത്. ജൽജീവൻ മിഷൻ പദ്ധതിയിലൂടെ പഞ്ചായത്തിലെ മുഴുവൻ വീടുകളിലേക്കും ശുദ്ധജലം എത്തിക്കുന്ന പ്രവർത്തനം പുരോഗമിച്ചു കൊണ്ടിരിക്കുന്നു. നാശോന്മുഖമായി മാറിക്കൊണ്ടിരുന്ന പഞ്ചായത്തിലെ നെല്ലാനി തോട്, പടിഞ്ഞാറെ തോട്, കുണ്ടൻ ചാൽ എന്നിവയും പോലുക്കര പൊതുകുളം, നീലംകുളം, ശിങ്കാരികുളം എന്നിവയും ഈ ഭരണസമിതി നവീകരിച്ച ജലാശയങ്ങളാണ്.

സംസ്ഥാന സർക്കാർ മുന്തിയ പരിഗണന നൽകി മാലിന്യസംസ്കരണ രംഗത്ത് ഹരിത കർമ്മ സേനയുടെ നേതൃത്വത്തിൽ നടത്തുന്ന പ്രവർത്തനങ്ങളിലൂടെ പൊതുസ്ഥലങ്ങളിലും ജലാശയങ്ങളിലും എത്തുമായിരുന്ന ടൺ കണക്കിന് അജൈവമാലിന്യങ്ങളാണ് എല്ലാ മാസവും ക്ലീൻകേരള കമ്പനിക്ക് കൈമാറിക്കൊണ്ടിരിക്കുന്നത്. കൊഴുക്കുള്ളിലെ പ്രധാന എം. സി. എഫിലെ സ്ഥലപരിമിതി മൂലം പുതിയ രണ്ട് എം. സി. എഫുകൾ കൂടി പഞ്ചായത്ത് ആരംഭിക്കുകയും, എം. സി. എഫിന് ആവശ്യമായ എല്ലാ പശ്ചാത്തല സൗകര്യങ്ങളും എല്ലാ എം. സി. എഫുകളിലും ലഭ്യമാക്കുകയും ചെയ്തു. മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി പഞ്ചായത്തിലെ 10 സ്ഥലങ്ങളിൽ മിനി എം. സി. എഫുകൾ സ്ഥാപിക്കുകയും, മാലിന്യങ്ങൾ മിനി എം. സി. എഫുകളിൽ നിന്ന് എം. സി. എഫുകളിലേക്ക് കൊണ്ടുപോകുന്നതിന് ഒരു ഇലക്ട്രിക് ഓട്ടോ കൂടി ലഭ്യമാക്കുകയും ചെയ്തു. മിനി എം. സി. എഫുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും, പോലൂക്കര എം. സി. എഫിലെ സ്ഥലപരിമിതി പരിഹരിക്കുവാൻ പ്രസ്തുത എം. സി. എഫിന്റെ വിപുലീകരണത്തിനുമുള്ള പദ്ധതികൾ ആരംഭിച്ചുകഴിഞ്ഞു. "മാലിന്യമുക്തം നവകേരളം" ജനകീയ ക്യാമ്പയിന്റെ ഭാഗമായി പഞ്ചായത്തിലെ പ്രധാന കേന്ദ്രങ്ങളിൽ വേസ്റ്റ് ബിന്നും ബോട്ടിൽ ബൂത്തുകളും സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു.

ജൈവ - അജൈവമാലിന്യങ്ങൾ കൊണ്ട് നിറഞ്ഞ നാഷണൽ ഹൈവേയുടെ പുറമ്പോക്ക് ഭൂമിയിലെ ഉൾപ്പെടെ പൊതുസ്ഥലങ്ങളിലെ മാലിന്യങ്ങൾ പൂർണ്ണമായും നീക്കംചെയ്ത് വൃത്തിയാക്കി, ടി. സ്ഥലങ്ങളിൽ അലങ്കാരചെടികൾ നട്ടുവളർത്തി മനോഹരമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. പൊതുസ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നവരെ കണ്ടെത്തുന്നതിനായി നാഷണൽ ഹൈവേയിൽ സി.സി.ടി.വി. സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനം കെൽട്രോണിന്റെ സഹായത്തോടെ ആരംഭിച്ചു. ജൈവമാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിനുള്ള തുമ്പൂർമുഴി മോഡൽ മാലിന്യ പ്ലാന്റിന്റെ നിർമ്മാണം അടുത്തുതന്നെ ആരംഭിക്കുന്നതാണ്. മാലിന്യ നിർമ്മാർജ്ജനത്തിന് മുന്തിയ പരിഗണനയാണ് ഈ ബജറ്റിൽ നൽകിയിട്ടുള്ളത്.

സംസ്ഥാന സർക്കാർ കഴിഞ്ഞ കുറെ വർഷങ്ങളായി പ്രാമുഖ്യം നൽകിവരുന്ന ഭവന നിർമ്മാണ മേഖലയ്ക്ക് ലൈഫ് മിഷൻ ഭവനപദ്ധതിയിലൂടെ പഞ്ചായത്ത് ഭീമമായ തുക വകയിരുത്തി, ദാരിദ്ര്യരേഖയ്ക്ക് താഴെ കഴിയുന്ന നിരവധി ഭവനരഹിതരുടെ സുരക്ഷിതമായ വീട് എന്ന സ്വപ്നം സാക്ഷാൽക്കരിച്ചു. സ്വന്തമായി വീടില്ലാതെ വാടകവീട്ടിലും ബന്ധുവീടുകളിലും കഴിഞ്ഞിരുന്ന നൂറുകണക്കിന് കുടുംബങ്ങളെയാണ് ഈ ഭരണസമിതിയുടെ കാലത്ത് പുനരധിവസിപ്പിച്ചത്. വികസനഫണ്ട് മാത്രം വകയിരുത്തി ഭവനരഹിതരായ കുടുംബങ്ങൾക്ക് വാസയോഗ്യമായ വീട് നൽകുവാൻ സാധ്യമല്ല എന്നതിനാൽ സംസ്ഥാന സർക്കാരിന്റെയും ബ്ലോക്ക് - ജില്ലാ പഞ്ചായത്തു

കളുടേയും ലഭ്യമാകുന്ന പരമാവധി ഫണ്ടും വകയിരുത്തിയാണ് കൂടുതൽ ഗുണഭോക്താക്കളെ ലൈഫ് മിഷൻ ഭവന പദ്ധതിയിൽ ഉൾക്കൊള്ളിച്ചത്. എന്നാൽ സ്വന്തമായി സ്ഥലമില്ലാത്ത നൂറുകണക്കിന് ദരിദ്രകുടുംബങ്ങൾ ഇന്നും പഞ്ചായത്തിൽ അവശേഷിക്കുന്നതിനാൽ അവരെ പുനരധിവസിപ്പിക്കുന്നതിനായി, ഭൂരിഹിത ഭവനരഹിത ലൈഫ് ഗുണഭോക്താക്കൾക്ക് ഫ്ളാറ്റ് നിർമ്മിച്ചു നൽകുന്നതിന്റെ പ്രാരംഭ പ്രവർത്തനമായ സ്ഥലം വാങ്ങുന്നതിനുള്ള പദ്ധതി പഞ്ചായത്ത് ആവിഷ്ക്കരിച്ചിട്ടുണ്ട്. വാസയോഗ്യമല്ലാത്ത നൂറുകണക്കിന് കുടുംബങ്ങളുടെ ഭവനങ്ങൾ ഈ ഭരണസമിതിയുടെ കാലത്ത് വാസയോഗ്യമാക്കിയതിലൂടെ അവരുടെ ജീവിത നിലവാരം ഉയർത്തുവാൻ കഴിഞ്ഞു.

രണ്ടാം പിണറായി സർക്കാർ അധികാരമേറ്റതോടെ, സർക്കാരിന്റെ ആദ്യലക്ഷ്യം സംസ്ഥാനത്തെ അതിദാരിദ്ര്യം പൂർണ്ണമായും തുടച്ചുനീക്കുകയായിരുന്നു. സർക്കാരിൻറെ പ്രശംസാർഹമായ ഈ നിർദ്ദേശം സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിച്ചതിന്റെ ഭാഗമായി നടത്തറ ഗ്രാമപഞ്ചായത്തും അതിദാരിദ്ര്യം തുടച്ചുനീക്കുക എന്ന ലക്ഷ്യത്തിനായി കുടുംബശ്രീയുമായി കൈകോർത്ത് പ്രവർത്തിച്ചു. കുടുംബശ്രീ പ്രവർത്തകർ നടത്തിയ സർവ്വേയിൽ കണ്ടെത്തിയ പഞ്ചായത്തിലെ 61 അതിദരിദ്ര കുടുംബങ്ങളെ വിവിധ മൈക്രോപ്ലാനുകളിലൂടെ ഘട്ടംഘട്ടമായി അതിദാരിദ്ര്യത്തിൽ നിന്നും മോചിപ്പിച്ചുകഴിഞ്ഞു. പഞ്ചായത്ത് ഇന്ന് അതിദാരിദ്ര്യമുക്ത പഞ്ചായത്തായി മാറിക്കഴിഞ്ഞു.

നാളത്തെ പൗരന്മാരായ ഇന്നത്തെ കുട്ടികളുടെ ശാരീരികവും മാനസികവുമായ വളർച്ച മുൻനിർത്തിയുള്ള പദ്ധതികളാണ് സാമൂഹ്യക്ഷേമ വികസനത്തിൽ പ്രത്യേകിച്ചും അംഗൻവാടിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഈ ഭരണസമിതിയുടെ കാലത്ത് നടപ്പിലാക്കിയത്. വിവിധ വാർഡുകളിലായി 30 അംഗൻവാടികൾ ഉള്ള പഞ്ചായത്തിൽ, സ്വന്തമായി കെട്ടിടമില്ലാതെ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കൂട്ടാല അംഗൻവാടിക്ക് ബഹു, റവന്യൂ വകുപ്പ് മന്ത്രിയും സ്ഥലം എം..എൽ. എയും ആയ അഡ്വ : കെ രാജന്റെ ആസ്തിവികസനഫണ്ടിൽ നിന്നും 25 ലക്ഷം രൂപ വകയിരുത്തി നിർമ്മിക്കുന്ന കെട്ടിടം പൂർത്തീകരണ ഘട്ടത്തിൽ എത്തിനിൽക്കുകയാണ്. ഇതിന് പുറമെ പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിൽ പ്രവർത്തിച്ചുവരുന്ന പോലൂക്കര അംഗൻവാടിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി ബഹു. റവന്യൂ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി അഡ്വ. കെ. രാജൻ നിർദ്ദേശിച്ചതനുസരിച്ച്, 30 ലക്ഷം രൂപ CIAL - CSR ഫണ്ടിൽ നിന്നും അനുവദിച്ച് സംസ്ഥാന നിർമ്മിതികേന്ദ്രം നിർമ്മാണത്തിലേക്ക് കടക്കുന്നത് ഈ ഭരണസമിതിയുടെ വികസനരംഗത്തെ ക്രിയാത്മകമായ ഇടപെടലുകളുടെ പരിണിതഫലമാണ്. മുൻവർഷങ്ങളിലെല്ലാം നടപ്പിലാക്കിയ അംഗൻവാടി കുട്ടികൾക്കുള്ള പോഷകാഹാര വിതരണത്തിനും അംഗൻവാടി കെട്ടിടങ്ങളുടെ മെയിന്റനൻസ് പ്രവർത്തനങ്ങൾക്കുമുള്ള മതിയായ വിഹിതം അടുത്ത വർഷത്തേക്കുള്ള ബജറ്റിൽ വക കൊള്ളിച്ചിട്ടുണ്ട്. പഞ്ചായത്തിലെ 30 അംഗൻവാടികളെയും ഘട്ടംഘട്ടമായി സ്മാർട്ട് അംഗൻവാടികളാക്കി മാറ്റുന്നതിനുള്ള പ്രവർത്തനവും പഞ്ചായത്ത് ആരംഭിച്ചിട്ടുണ്ട്.

ശാരീരികമായും മാനസികമായും വലിയ വെല്ലുവിളികൾ നേരിടുന്ന വയോജനങ്ങളുടെ ക്ഷേമം ഉറപ്പുവരുത്തിയ നിരവധി പദ്ധതികൾ ഈ ഭരണസമിതിയുടെ കാലഘട്ടത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. അത്തരം പദ്ധതികൾ അടുത്ത വർഷത്തേക്കുള്ള ബജറ്റിലും ഉൾക്കൊള്ളിച്ചിട്ടുണ്ട്. സമൂഹത്തിലെ ഏറ്റവും പിന്നോക്കം നിൽക്കുന്ന ഭിന്നശേഷിക്കാരുടെ

ക്ഷേമത്തിനും ബജറ്റിൽ മുൻതൂക്കം നൽകിയിട്ടുണ്ട്. ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പിന് പുറമെ വികലാംഗർക്കുള്ള സഹായ ഉപകരണങ്ങളുടെ വിതരണവും, ഭിന്നശേഷിക്കാരുടെ മാനസിക വളർച്ചയ്ക്കുള്ള ഭിന്നശേഷി കലാമേളയും മുൻ വർഷങ്ങളിലെ പോലെ അടുത്ത വാർഷിക ബജറ്റിലും മതിയായ വിഹിതം വകയിരുത്തി ഉൾക്കൊള്ളിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ അധീനതയിലുള്ള സ്പർശം ബഡ്സ് സ്കൂൾ ഇന്ന് തൃപ്തികരമായും മികച്ച രീതിയിലും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ഇരുപതോളം കുട്ടികൾ അദ്ധ്യസിക്കുന്ന ബഡ്സ് സ്കൂളിലെ കുട്ടികളെ അവരുടെ വീടുകളിലേക്കും ബഡ്സ് സ്കൂളിലേക്കും കൊണ്ടുപോകുന്നതിന് വാഹനസൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്തിന് ലഭിച്ച കുടുംബശ്രീ മിഷൻ ഫണ്ട് ഉപയോഗിച്ച് ബഡ്സ് സ്കൂളിലേക്ക് ആവശ്യമായ എല്ലാ പശ്ചാത്തലസൗകര്യങ്ങളും ഒരുക്കി വരുന്നു. പഠനത്തോടൊപ്പം തൊഴിലധിഷ്ഠിത വിദ്യാഭ്യാസവും ബഡ്സ് സ്കൂളിലെ കുട്ടികൾക്ക് നൽകിവരുന്നു. സ്കൂളിലെ കുട്ടികളുടെ രക്ഷാകർത്താക്കളെയും ഉൾക്കൊള്ളിച്ച് ഗാർഹികോപകരണങ്ങളുടെ നിർമ്മാണ യൂണിറ്റ് ആരംഭിച്ചിട്ടുണ്ട്.

ജനസംഖ്യയുടെ 50 ശതമാനത്തിലധികം വരുന്നതും സാമൂഹികമായി പിന്നോക്കം നിൽക്കുന്നതുമായ വനിതകളുടെ ക്ഷേമവും ഉന്നമനവും ലക്ഷ്യമിട്ട് നിരവധി ജനക്ഷേമ പദ്ധതികൾ ആണ് പഞ്ചായത്തിന്റെ ജനകീയാസൂത്രണ പദ്ധതിയിലും, കുടുംബശ്രീ സി.ഡി.എസിന്റെ വാർഷിക പദ്ധതികളിലും ഉൾക്കൊള്ളിച്ച് നടപ്പിലാക്കിയത്. വനിതകൾക്കുള്ള വിവിധ സ്വയം തൊഴിൽ സംരംഭ പദ്ധതികളും, വനിതകൾക്കുള്ള യോഗ പരിശീലനവും, മൃഗസംരക്ഷണ മേഖലയിലെ പ്രോജക്ടുകളും വിജയകരമായി നടപ്പിലാക്കിയ വികസന പദ്ധതികളാണ്. ക്രിയാത്മകമായ പ്രവർത്തനങ്ങളിലൂടെ നിരവധി പുരസ്കാരങ്ങൾ ഏറ്റുവാങ്ങി സംസ്ഥാനതലത്തിൽ തന്നെ ഏറ്റവും മികച്ച കുടുംബശ്രീ സി.ഡി.എസ്. എന്ന ബഹുമതി പലതവണ കരസ്ഥമാക്കിയ നടത്തറ സി.ഡി.എസ്. പഞ്ചായത്തിന്റെ എല്ലാ വികസനക്ഷേമ പരിപാടികളിലും ആത്മാർത്ഥമായി സഹകരിക്കുന്ന ഒരു ജനകീയ പ്രസ്ഥാനമാണ്.

സാമൂഹ്യമായി പിന്നിൽ നിൽക്കുന്ന പട്ടികജാതി വിഭാഗക്കാരെയും പട്ടികവർഗ്ഗ വിഭാഗക്കാരെയും സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിന് സഹായകരമായ നിരവധി പദ്ധതികളാണ് ഈ ഭരണസമിതിയുടെ കാലഘട്ടത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കിയത്. ഈ മേഖലയിൽ നാളിതുവരെ കൈവരിച്ച നേട്ടങ്ങൾ നിലനിർത്തുന്നതിന് സഹായകരമായ ജനകീയ പദ്ധതികളാണ് അടുത്തവർഷത്തെ ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. പട്ടികജാതി - പട്ടികവർഗ്ഗ സങ്കേതങ്ങളുടെ സമഗ്രവികസനം ലക്ഷ്യമാക്കി പ്രസ്തുത സങ്കേതങ്ങളിലെല്ലാം എല്ലാവിധ സൗകര്യങ്ങളോടും കൂടിയ സാംസ്കാരിക കേന്ദ്രങ്ങൾ പഞ്ചായത്ത് നിർമ്മിച്ചിട്ടുണ്ട്. ഒട്ടേറെ വെല്ലുവിളികൾ നേരിടുന്ന മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ നിയമാനുസൃതം ഏറ്റെടുക്കാവുന്ന പരമാവധി പ്രവർത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കി സ്ഥിരം തൊഴിലാളികൾക്ക് 100 ദിവസത്തെ തൊഴിൽ ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ എല്ലാവർഷവും സ്വീകരിച്ചിട്ടുണ്ട്. പരമ്പരാഗത പ്രവർത്തികൾക്കൊപ്പം പഞ്ചായത്തിലെ വിവിധ തോടുകളുടെ വശങ്ങളിൽ കയർ ഭൂവസ്ത്രം വിരിച്ച് തോടുകളിലൂടെയുള്ള ജലപ്രവാഹം സുഗമമാക്കി കാർഷിക മേഖലയ്ക്ക് ഉണർവേകി.

പഞ്ചായത്തിന്റെ അടുത്ത് സ്ഥിതി ചെയ്യുന്ന പീച്ചി ഡാമിൽ നിന്നും അതിവർഷത്തിന്റെ ഭാഗമായി വെള്ളം തുറന്നുവിടുന്നത് മൂലം പഞ്ചായത്തിലൂടെ കടന്നുപോകുന്ന മണലിപ്പുഴ

കരകവിഞ്ഞ് ചില വർഷങ്ങളിൽ മണലിപ്പുഴയോട് ചേർന്നുകിടക്കുന്ന പഞ്ചായത്തിന്റെ ഭൂപ്രദേശങ്ങൾ വെള്ളത്തിന് അടിയിൽ ആവുന്നതാണ് പഞ്ചായത്ത് നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി. വിവിധ വർഷങ്ങളിൽ ഉണ്ടായ വെള്ളപ്പൊക്കം മൂലം മണലിപ്പുഴയിൽ അടിഞ്ഞുകൂടിയ മണ്ണും മണലും പുഴയിൽ സംഭരിക്കാവുന്ന വെള്ളത്തിന്റെ അളവിൽ കാര്യമായ കുറവ് വരുത്തുന്നുണ്ട്. പുഴയുടെ പല ഭാഗങ്ങളിലും മാലിന്യങ്ങളും പുല്ലും അടിഞ്ഞുകൂടുന്നതും ആണ് വെള്ളപ്പൊക്കത്തിന് കാരണമാകുന്നത്. നടപ്പുവർഷം മൺസൂൺ കാലത്ത് മൂന്നുദിവസം മണലിപ്പുഴ കരകവിഞ്ഞ്, പുഴയോട് ചേർന്ന പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും വെള്ളപ്പൊക്കം ഉണ്ടാവുകയും ജനങ്ങളെ ദുരിതാശ്വാസ കേന്ദ്രങ്ങളിലേക്ക് മാറ്റി പാർപ്പിക്കുകയും ചെയ്തു. പുഴയിലെ കയ്യേറ്റങ്ങൾ ഒഴിപ്പിച്ച്, പുഴയിലെ മണ്ണും ചെളിയും മറ്റു മാലിന്യങ്ങൾ നീക്കം ചെയ്ത് പുഴയുടെ സംഭരണശേഷി വർദ്ധിപ്പിക്കലും ആണ് വെള്ളപ്പൊക്ക ഭീഷണി ഫലപ്രദമായി നേരിടുന്നതിനുള്ള ഏകമാർഗ്ഗം. ഇതിന്റെ ഭാഗമായി ഇറിഗേഷൻ വകുപ്പിന്റെ ആദിമുഖ്യത്തിൽ 85 ലക്ഷം രൂപ വകയിരുത്തി പുഴയുടെ വിവിധ ഭാഗങ്ങളിൽ അടിഞ്ഞുകൂടിയ മണ്ണും ചെളിയും മറ്റ് പ്രളയാവശിഷ്ടങ്ങളും നീക്കം ചെയ്ത് പുഴ നവീകരിക്കുന്ന പ്രവർത്തി ദ്രുതഗതിയിൽ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ഇതോടൊപ്പം ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി പഞ്ചായത്തിലെ പടിഞ്ഞാറെ തോട് നവീകരണം പൂർത്തിയാക്കിയതോടെ തോടിന് സമീപത്തുള്ള കുടുംബങ്ങൾക്ക് വർഷക്കാലത്ത് അനുഭവപ്പെടുന്ന വെള്ളപ്പൊക്ക ഭീഷണി ഒഴിവായിട്ടുണ്ട്. പഞ്ചായത്തിലെ വിവിധ തോടുകളും കുളങ്ങളും കിണറുകളും നവീകരിച്ച് വെള്ളപ്പൊക്ക ഭീഷണി ഒഴിവാക്കുന്നതിനും ഒപ്പം പ്രസ്തുത ജലാശയങ്ങളിൽ ആവശ്യാനുസരണം വെള്ളം സംഭരിക്കുവാനും സഹായകരമായ നിരവധി പദ്ധതികൾ അടുത്ത വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

ഊർജ്ജമേഖലയിൽ തെരുവ് വിളക്കുകളുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾക്കാണ് ഈ ഭരണസമിതി മുൻതൂക്കം നൽകിയത്. പഞ്ചായത്തിലെ സ്ട്രീറ്റ് മെയിൻ ഇല്ലാത്ത നിരവധി പ്രദേശങ്ങളിൽ സ്ട്രീറ്റ് മെയിൻ നീട്ടി തെരുവ് വിളക്കുകൾ സ്ഥാപിച്ചിട്ടുള്ളതും, പ്രവർത്തന രഹിതമാകുന്ന തെരുവുവിളക്കുകൾ യഥാസമയം അറ്റകുറ്റപ്പണി നടത്തി, തെരുവുവിളക്കുകൾ പ്രവർത്തനക്ഷമമാക്കുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്തിലൂടെ കടന്നുപോകുന്ന പ്രധാന വഴിയായ നടത്തറ മൂർക്കനിക്കര കണ്ണാറ റോഡിൽ നടത്തറ മുതൽ ചവറാംപാടത്ത് പഞ്ചായത്ത് അതിർത്തി വരെയുള്ള എല്ലാ ഇലക്ട്രിക് പോസ്റ്റുകളിലും ഒപ്പം പൂച്ചട്ടിയിലും, കൊഴുക്കുള്ളി മുളയം റോഡിൽ പൂച്ചട്ടി മുതൽ മദിരാശി മൂല വരെയും പുതിയ എൽ.ഇ.ഡി. സെറ്റുകൾ സ്ഥാപിച്ചു. പ്രകാശം കൂടിയ ഇത്തരം സെറ്റുകൾ പഞ്ചായത്തിലെ മറ്റ് പ്രധാന റോഡുകളിൽ സ്ഥാപിക്കുന്നതിന് ആവശ്യമായ പദ്ധതിയും അടുത്ത വർഷത്തേക്കുള്ള ഈ ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇതിനു പുറമെ ബഹു. റവന്യൂ വകുപ്പ് മന്ത്രിയും ഒല്ലൂർ എം.എൽ.എ.യും ആയ അഡ്വ : കെ രാജന്റെ ആസ്തിവികസനഫണ്ടിൽ നിന്ന് അനുവദിക്കപ്പെട്ട അമ്പതിലധികം ഹൈമാസ്റ്റ് - മിനിമാസ്റ്റ് ലൈറ്റുകളാണ് പഞ്ചായത്തിലെ പല സെന്ററുകളിലും രാത്രികാലങ്ങളിൽ വെളിച്ചം വിതറുന്നത്. മുൻ തൃശൂർ എം. പി. ശ്രീ. ടി. എൻ. പ്രതാപന്റെ ആസ്തി വികസന ഫണ്ടിൽ നിന്നും മൂന്ന് മിനി മാസ്റ്റ് ലൈറ്റുകൾ കഴിഞ്ഞവർഷം ലഭ്യമായിട്ടുണ്ട്.

പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളിൽ പഞ്ചായത്ത് ഭരണസമിതി ഏറ്റവും അധികം മുൻതൂക്കം നൽകിയിട്ടുള്ളതും കൂടുതൽ തുക വകയിരുത്തിയിട്ടുള്ളതും റോഡ് ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനാണ്. ഈ ഭരണസമിതി അധികാരമേറ്റശേഷം

പഞ്ചായത്തിലെ വിവിധ വാർഡുകളിലായി നിരവധി പുതിയ റോഡുകൾ ടാറിങ്ങും കോൺക്രീറ്റിങ്ങും നടത്തിയും ടൈൽ വിരിച്ചും നിർമ്മിച്ചിട്ടുണ്ട്. അതോടൊപ്പം ഗതാഗതയോഗ്യമല്ലാത്ത നിരവധി റോഡുകൾ റീടാറിങ്ങ് ചെയ്ത് ഗതാഗതയോഗ്യമാക്കി. റോഡിന്റെ സുരക്ഷയ്ക്ക് ഏറ്റവും അത്യാവശ്യമായ കാനനിർമാണത്തിനും പഞ്ചായത്ത് പ്രാമുഖ്യം നൽകിയിട്ടുണ്ട്. പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ റോഡുകൾക്ക് പുറമെ, ബഹു. റവന്യൂ - ഭവന നിർമ്മാണ വകുപ്പ് മന്ത്രി അഡ്വ : കെ. രാജന്റെ ആസ്തിവികസനഫണ്ടിൽ നിന്നും നിരവധി പുതിയ റോഡുകളുടെ നിർമ്മാണത്തിന് ആവശ്യമായ ഫണ്ട് നൽകിയിട്ടുണ്ട്. അതോടൊപ്പം സംസ്ഥാന സർക്കാരിന്റെ ലോക്കൽ റോഡ് ബിൽഡ് പ്രോജക്ട് വഴി ഗതാഗതയോഗ്യമല്ലാത്ത നിരവധി റോഡുകൾ ഗതാഗതയോഗ്യമാക്കുന്നു. പഞ്ചായത്തിലൂടെ കടന്നുപോകുന്ന പൂച്ചട്ടി ഇരവിമംഗലം റോഡും, പൂച്ചട്ടി കൊഴുക്കുള്ളി മുളയം റോഡും, കൊഴുക്കുള്ളി ടെക്സൺ റോഡും ബി. എം. ബി. സി. നിലവാരത്തിൽ ആധുനിക റോഡുകളാക്കി മാറ്റിയത് ഈ ഭരണസമിതിയുടെ കാലത്താണ്. ഇതിന്റെ തുടർച്ചയായി നടത്തറ മൂർക്കനിക്കര കണ്ണാറ റോഡ് ബി. എം. ബി. സി. നിലവാരത്തിൽ നവീകരിക്കുന്നതിനുള്ള ടെൻഡർ നടപടികൾ പൂർത്തിയായിട്ടുണ്ട്. ഗ്രാമസഭകൾ നിർദ്ദേശിച്ച ബഹുഭൂരിപക്ഷം റോഡുകളും നവീകരിക്കുന്നതിന് ആവശ്യമായ പദ്ധതികൾ ഈ വാർഷിക ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

ഐ. എസ്. ഒ. സർട്ടിഫിക്കേഷൻ ലഭിച്ച നടത്തറ ഗ്രാമപഞ്ചായത്ത് ജനസേവനം യഥാസമയം നൽകുന്നതിന് പരമാവധി പരിശ്രമിക്കുന്നുണ്ട്. പഞ്ചായത്തിൽ നിന്നുള്ള ബഹുഭൂരിപക്ഷം സേവനങ്ങളും ഓൺലൈനായി ആണ് നൽകുന്നത്. ജീവനക്കാരുടെ കുറവ് ജനങ്ങൾക്ക് ആവശ്യമായ സേവനങ്ങൾ ഓൺലൈനായി നൽകുന്നതിന് പലപ്പോഴും തടസ്സം സൃഷ്ടിച്ചിട്ടുണ്ടെങ്കിലും അധികം താമസിയാതെ അത്തരം സേവനങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കുവാൻ ആത്മാർത്ഥമായ ശ്രമങ്ങൾ പഞ്ചായത്തിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുണ്ട്. പഞ്ചായത്തിന് അവകാശപ്പെട്ട മുഴുവൻ നികുതികളും ഫീസുകളും പൂർണ്ണമായും പിരിച്ചെടുക്കുന്നതിന് ആവശ്യമായ ചിട്ടയായ നടപടികൾ പഞ്ചായത്ത് ഭരണസമിതിയും ജീവനക്കാരും ചേർന്ന് ആവിഷ്ക്കരിച്ചാണ് 100% നികുതി ഫീസ് പിരിവ് ലക്ഷ്യം ഓരോ വർഷവും പൂർത്തിയാക്കുന്നത്. അർഹതപ്പെട്ട നികുതികളും ഫീസുകളും പൂർണ്ണമായും പിരിച്ചെടുക്കുന്നതിന് പുറമെ ലഭ്യമാക്കാവുന്ന മുഴുവൻ നികുതികളും ഫീസുകളും പിരിച്ചെടുക്കുന്നതിനുമുള്ള ശ്രമങ്ങളും ഭരണസമിതിയുടെ നേതൃത്വത്തിൽ നടത്തുന്നുണ്ട്. ഈ ഭരണസമിതി അധികാരത്തിൽ എത്തിയ ആദ്യവർഷം (2020-21) 300-ൽ താഴെ മാത്രം ലൈസൻസ് ഉണ്ടായിരുന്നത് ഈ സാമ്പത്തികവർഷം 600-ന് മുകളിലാക്കി. ഇരട്ടിയിലധികം വർദ്ധനവ് ലൈസൻസ് എടുത്ത സ്ഥാപനങ്ങളുടെ എണ്ണത്തിൽ ഉണ്ടായിട്ടുണ്ട്. അതുപോലെ തന്നെ ജീവനക്കാരുടെ തൊഴിൽനികുതി നൽകിയിരുന്ന സ്ഥാപനങ്ങൾ എഴുപതിൽ താഴെയായിരുന്നത് ഇന്ന് നൂറിനടുത്താണ്. ലൈസൻസ് ഫീസും തൊഴിൽ നികുതിയും നൽകുന്ന സ്ഥാപനങ്ങളുടെ എണ്ണത്തിൽ വർദ്ധനവ് വരുത്തിയതോടൊപ്പം പഞ്ചായത്തിന്റെ തനതു വരുമാനത്തിൽ ശ്രദ്ധേയമായ വർദ്ധനവ് ഉണ്ടാക്കുവാൻ ഈ ഭരണസമിതിക്ക് കഴിഞ്ഞിട്ടുണ്ട്. വാർഷിക പദ്ധതിയിൽ പഞ്ചായത്ത് തനതു ഫണ്ടിൽ നിന്നും ഓരോ വർഷവും വകയിരുത്തുന്നത് രണ്ട് കോടിയിലധികം രൂപയാണ്. നികുതികളും ഫീസുകളും കൃത്യമായി പിരിച്ചെടുക്കുന്നതിലൂടെ ലഭിക്കുന്ന തുക പൂർണ്ണമായും പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കാണ് വിനിയോഗിക്കുന്നത്. നികുതികളും ഫീസുകളും പൂർണ്ണമായി വരുംവർഷവും പിരിച്ചെടുക്കുവാൻ ഈ ബജറ്റ് ലക്ഷ്യം വെയ്ക്കുന്നു.

പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾ ലക്ഷ്യത്തിലെത്തിക്കുവാൻ ആത്മാർത്ഥമായി സഹകരിച്ച എല്ലാ ഗ്രാമപഞ്ചായത്ത് അംഗങ്ങൾക്കും, വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾക്കും, കുടുംബശ്രീ പ്രവർത്തകർക്കും, യുവജന സന്നദ്ധ സംഘടനകൾക്കും, പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് അകമഴിഞ്ഞ് സഹായിച്ച ബഹു. റവന്യൂ - ഭവനനിർമ്മാണ വകുപ്പ് മന്ത്രിയും ഒല്ലൂർ എം. എൽ. എ.യുമായ അഡ്വ : കെ രാജനും, പ്രകൃതിദുരന്തത്തിൽ അകപ്പെട്ട പഞ്ചായത്തിനെ ആത്മാർത്ഥമായി സഹായിക്കുവാൻ മുൻകൈയെടുത്ത സംസ്ഥാന സർക്കാരിനും എല്ലാവിധ നന്ദിയും കടപ്പാടും അറിയിച്ചുകൊണ്ട് 202526 വർഷത്തേക്കുള്ള കരട് ബജറ്റ് ആവശ്യമായ ചർച്ചയ്ക്കും വിശകലനത്തിനും ആയി സമർപ്പിക്കുന്നു.